005214

**കേരളസർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ശ്രീ.എം.ടി.വാസുദേവൻനായർ മലയാളം പള്ളിക്കൂടത്തിലെ കുട്ടികൾക്കായി എഴുതി നൽകിയ പ്രതിജ്ഞ കേരളത്തിലെ വിദ്യാലയങ്ങളിലെ ഭാഷാപ്രതിജ്ഞയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

**സ.ഉ.(സാധാ) നം.90/2018/ഉഭപവ. തിരുവനന്തപുരം, തീയതി 16.02.2018**

---

പരാമർശം: 1) 2.5.2002-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ.20/2002/ഉഭപവ.

2) 04.10.2017-ൽ പ്രൊഫ.വി.മധുസൂദനൻനായർ സർക്കാരിന് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മലയാളം പള്ളിക്കൂടത്തിലെ കുട്ടികൾക്കായി ശ്രീ.എം.ടി.വാസുദേവൻനായർ എഴുതി നൽകിയ പ്രതിജ്ഞ മാതൃഭാഷയുടെ വൈകാരികത ഉൾക്കൊള്ളുന്നതും, ധ്വനിസാന്ദ്രവും മതനിരപേക്ഷവുമായതിനാൽ കേരളത്തിന്റെ ഭാഷാപ്രതിജ്ഞയായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പ്രൊഫ. വി.മധുസൂദനൻ നായർ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)- പ്രകാരം വിദ്യാലയങ്ങളിൽ ചൊല്ലിക്കൊടുക്കുന്ന പ്രതിജ്ഞ ഒഴിവാക്കി, പകരം ശ്രീ.എം.ടി.വാസുദേവൻനായർ എഴുതിയ താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞ കേരളത്തിലെ വിദ്യാലയങ്ങളിലെ ഭാഷാപ്രതിജ്ഞയായി അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ- സാംസ്കാരിക പരിപാടികളിൽ താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്.

" മലയാളമാണ് എന്റെ ഭാഷ.
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്
ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻതന്നെയാണ്."

കേരളത്തിലെ ഭരണഭാഷാപരിപാടികളിലും നവംബർ ഒന്നിനും ചൊല്ലിക്കൊടുക്കുന്ന നിലവിലുള്ള ഭരണഭാഷാപ്രതിജ്ഞ മാറ്റങ്ങളില്ലാതെ ഉപയോഗിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)

**എസ്.മുഹമ്മദ് ഇസ്മയിൽ കുഞ്ഞ്.**

**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ/വകുപ്പുതലവന്മാർ/ജില്ലാ കളക്ടർമാർ.
സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ പൊതുമേഖല/
അർദ്ധ സർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർ
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. 16552/18/ഇ1/ഡിപി തീയതി .3.18.

പകർപ്പ്: എല്ലാ [illegible]കാര്യാലയമേധാവികൾക്കും
അറിവിലേക്കായി നൽകുന്നു.

14/03/18
ഡയറക്ടർക്കുവേണ്ടി

14/3/18

14/03/18